*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE_HSE/2023** **22/07/2023**

# സർക്കുലർ

**വിഷയം:സപ്ലിമെൻററി അലോട്ട്മെൻറ് പ്രവേശനം :പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :1) ഇതേ നമ്പറിൽ 18/07/2023 ലെ സർക്കുലർ.**

**2) 17/06/2023 ലെ ഇതേ നമ്പർ സർക്കുലർ**

2023-24 അധ്യയന വർഷത്തെ ഹയർ സെക്കൻണ്ടറി പ്രവേശനത്തെ സംബന്ധിച്ചുള്ള വിശദ നിർദ്ദേശങ്ങൾ സൂചന 2 സർക്കുലറിലൂടെ പ്രിൻസിപ്പൽമാർക്ക് നല്കിയിട്ടുള്ളതാണ്.

ഏകജാലക സംവിധാനത്തിൻെറ വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ **2023 ജൂലൈ 20 ന്** വൈകിട്ട് 4 മണി വരെ അവസരം നൽകിയിരുന്നു. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആകെ ഉണ്ടായിരുന്ന 19247 വേക്കൻസിയിൽ പരിഗണിക്കുന്നതിനായി ലഭിച്ച 25410 അപേക്ഷകളിൽ 24218 അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുകയുണ്ടായി. സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിച്ചതിനുശേഷം മറ്റ് ക്വാട്ടകളിൽ പ്രവേശനം നേടിയ 489 അപേക്ഷകളും ഓപ്ഷനില്ലാത്തതും മറ്റ് കാരണങ്ങളാൽ അർഹതയില്ലാത്തതുമായ 703 അപേക്ഷകളും സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിച്ചിട്ടില്ല. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെൻറിന് പരിഗണിച്ചിട്ടുള്ളത്.

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ്പ്രകാരമുള്ള പ്രവേശനം 2023 ജൂലൈ 24 ന് രാവിലെ 10 മണി മുതൽ ജൂലൈ 25 ന് വൈകിട്ട് 4 മണി വരെ നടത്തേണ്ടതാണ്. അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും ഫീസടച്ച് സ്ഥിരപ്രവേശനം നേടണം.

അലോട്ട്മെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അലോട്ട്മെൻറ് ലെറ്റർ അഡ്മിൻ യൂസറിലെ **“Print Allotment Letter”**എന്ന മെനുവിലൂടെ പ്രിൻറ് എടുത്ത് പ്രവേശന സമയത്ത് നൽകേണ്ടതാണ്. അലോട്ട്മെൻറ് ലെറ്ററിലെ വിവരങ്ങൾ അസൽ രേഖകളുമായി ഒത്തു നോക്കി സാധുത ഉറപ്പാക്കി വേണം പ്രവേശനം നൽകേണ്ടത്.

പ്രവേശന വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ലിങ്കുകൾ **HITC** യൂസറിലാണ് ലഭ്യമാകുന്നത്. **HITC**യാണ് അഡ്മിഷൻ വിവരങ്ങൾ ഓൺലൈനായി അപ്ഡേറ്റ് ചെയ്യേണ്ടത്. പ്രിൻസിപ്പൽ രേഖാമൂലം നൽകുന്ന പ്രവേശന വിവരങ്ങൾ **HITC** കൃത്യതയോടെ അതത് ദിവസം തന്നെ രേഖപ്പെടുത്തണം.

**പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ നോൺ ജോയിനിങ്ങ് വിവരങ്ങൾ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സമയ പരിധിയുടെ അവസാന ദിവസമാണ് രേഖപ്പെടുത്തേണ്ടത്.** എന്നാൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് ദിവസം തന്നെ രേഖപ്പെടുത്തണം. പ്രവേശനം നിരസിക്കുന്ന വിദ്യാർത്ഥികളെ **DENIAL** ആയി രേഖപ്പെടുത്തി നിരസിക്കാനുള്ള കാരണം രേഖപ്പെടുത്തണം. പ്രവേശന വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത ശേഷം പ്രിൻസിപ്പാളിൻെറ ലോഗിനിൽ (അഡ്മിൻ ലോഗിനിൽ) ലഭ്യമാക്കിയിട്ടുള്ള കൺഫർമേഷൻ ലിങ്കിലൂടെ 2023 ജൂലൈ 25 ന് വൈകിട്ട് 6 മണിയ്ക്ക് മുൻപായി എല്ലാ കോഴ്സിൻേറയും കൺഫർമേഷൻ പൂർത്തിയാക്കേണ്ടതാണ്.



ജോയിൻറ് ഡയറക്ടർ (അക്കാദമിക്)